"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന വീടുകൾക്ക് കെട്ടിടനികുതിയിൽ ഇളവ് അനുവദിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(കൈ) നം.175/2025/LSGD തീയതി,തിരുവനന്തപുരം, 04-10-2025

---

പരാമർശം:- 1. കേരളാ പഞ്ചായത്തീ രാജ് ആക്റ്റ്, 1994

2. കേരളാ മുനിസിപ്പാലിറ്റീസ് ആക്റ്റ്, 1994

3. സ.ഉ.(എം.എസ്) നം.256/2012 /ത.സ്വ.ഭ.വ തീയതി, 08.10.2012

**<u>ഉത്തരവ്</u>**

ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധതരത്തിലുള്ള ജൈവ മാലിന്യ സംസ്കരണ ഉപാധികൾ നിലവിൽ സബ്സിഡി നൽകിയും അല്ലാതെയും വീടുകളിൽ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ നടത്തിയ 2025-ലെ സർവ്വെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ 26% വീടുകളിലാണ് നിലവിൽ ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനമുള്ളത്. മാലിന്യമുക്തം നവകേരളം പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വീടുകളിലേക്കും ഘട്ടം ഘട്ടമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനം വ്യാപിപ്പിക്കേണ്ടതുണ്ട്.

(2) ഈ സാഹചര്യത്തിൽ, ഉറവിട മാലിന്യ സംസ്കരണ ഉപാധികൾക്കുള്ള സബ്സിഡിക്കൊപ്പം ഇത്തരം ഉപാധികൾ ഉപയോഗിച്ച് ഉറവിടത്തിൽ തന്നെ ജൈവമാലിന്യം സംസ്കരിക്കുന്ന വീട്ടുടമസ്ഥർക്ക് ഒരു പ്രചോദനം എന്ന നിലയ്ക്ക് ഉറവിട മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് മാലിന്യസംസ്കരണം നടത്തുന്നവർക്ക് കെട്ടിടനികുതിയിൽ **5%** ഇളവ് അനുവദിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(3) ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉറവിട മാലിന്യ സംസ്കരണ ഉപാധികളിൽ ഏതെങ്കിലും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ കെട്ടിട നികുതി ഇളവ് അനുവദിക്കാവുന്നതാണ്. നിലവിൽ ശുചിത്വ മിഷൻ അംഗികരിച്ച ഉപാധികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

- വെർമി കമ്പോസ്റ്റിംഗ്
- റിംഗ് കമ്പോസ്റ്റിംഗ്
- മൺകല കമ്പോസ്റ്റിംഗ്
- ബയോ-പെഡസ്റ്റൽ കമ്പോസ്റ്റിംഗ് യൂണിറ്റ്
- മോസ് പിറ്റ് കമ്പോസ്റ്റിംഗ് യൂണിറ്റ്
- മുച്ചട്ടി ബിൻ കമ്പോസ്റ്റിംഗ്
- പോർട്ടബിൾ ഗാർഹികതല ബയോബിൻ യൂണിറ്റ്
- മിനി ബയോ-പെഡസ്റ്റൽ യൂണിറ്റ്
- പോർട്ടബിൾ HDPE/ ബക്കറ്റ് കമ്പോസ്റ്റിംഗ് യൂണിറ്റ്
- കുഴി കമ്പോസ്റ്റിംഗ് യൂണിറ്റ്
- പൈപ്പ് കമ്പോസ്റ്റിംഗ്
- കിച്ചൻ ബിൻ- കമ്പോസ്റ്റിംഗ് യൂണിറ്റ്
- ബയോ കംപോസ്റ്റർ ബിൻ
- ജീ ബിൻ -3 ബിൻ സിസ്റ്റം
- ജീ ബിൻ -2 ബിൻ സിസ്റ്റം
- വി- കംപോസ്റ്റർ
- സ്മാർട്ട് ബയോ ബിൻ
- ബൊക്കാഷി ബക്കറ്റ്
- വെർമിയോൺ കിച്ചൻ വേസ്റ്റ് ട്രീറ്റ്മെന്റ് യൂണിറ്റ്
- കിച്ചൺ വേസ്റ്റ് ഡൈജെസ്റ്റർ
- ഓർഗാനിക്ക് കമ്പോസ്റ്റിംഗ് ബിൻ
- പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റ്
- കൊതുക് ശല്യമില്ലാത്ത ബയോഗ്യാസ് പ്ലാന്റ്

(4) ഇളവ് ലഭിക്കുന്നതിന് വീട്ടുടമ ഹരിത മിത്രം/കെ-സ്മാർട്ട് ആപ്ലിക്കേഷൻ വഴി ഒരു ഡിക്ളറേഷൻ സഹിതം അപേക്ഷ നൽകേണ്ടതും വാർഡ് ചുമതലയുള്ള തദ്ദേശ സ്ഥാപന

ഉദ്യോഗസ്ഥ(ൻ) ഹരിത കർമ്മ സേനയുടെ സഹായത്തോടെ അന്വേഷണം നടത്തി റിപ്പോർട്ട് തദ്ദേശ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ നികുതി ഇളവിന് ടി അപേക്ഷ പരിഗണിക്കേണ്ടതുമാണ്. ഒരു വർഷത്തേക്ക് ഇതിന് പ്രാബല്യം ഉണ്ടായിരിക്കും. പ്രസ്തുത ലിസ്റ്റ് ഗ്രാമസഭയുടെ അറിവിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(5) തുടർന്ന് വരുന്ന വർഷങ്ങളിൽ ഹരിതമിത്രം ആപ്ലിക്കേഷനിലെ ഉറവിട ജൈവമാലിന്യ പ്രവർത്തന സ്റ്റാറ്റസ് ഓൺലൈനായി പരിശോധിച്ച് നികുതി ഇളവ് നൽകാവുന്നതാണ്. ഹരിതമിത്രം ആപ്ലിക്കേഷനിൽ ഏതെങ്കിലും കാരണവശാൽ സ്റ്റാറ്റസ് പരിശോധിക്കുന്നതിന് തടസ്സം ഉണ്ടായാൽ ബന്ധപ്പെട്ട വാർഡിലെ ഹരിതകർമ്മ സേന നൽകുന്ന റിപ്പോർട്ട്, വാർഡിന്റെ ചുമതലയുള്ള തദ്ദേശ സ്ഥാപന ജീവനക്കാരി(ൻ) പരിശോധിച്ച് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് തുടർന്നും നൽകാവുന്നതാണ്. ഹരിത മിത്രം, കെ - സ്മാർട്ട് എന്നീ സോഫ്റ്റ് വെയറുകളിൽ ഇതിന് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

ചീഫ് മിഷൻ ഡയറക്ടർ, ഐ.കെ.എം.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും.

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള,

തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ(ആർ സി/ആർ ബി) വകുപ്പ്

ഐ &പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 04-10-2025 15:18:16
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.